Questions posted for answer on 5th March 1951

EXTENSION OF ELECTRICITY

90. [3] Sri. E. P. Poulose: Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) how many electricity extension works were in the list to be completed during 1950-51;

(*b*) how many of these have been taken up and completed during last year?

Chief Minister **(Sri. C. Kesavan):**

(*a*) 57.

(*b*) No. of works taken up 52
No. completed in 1950-25
No. to be completed before 31st March 1951 27

5 items have not been taken up as the interested parties did not guarantee the minimum return to the Department.

ബോട്ട് ജട്ടികൾ

൯൧ (൪) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊച്ചി-കണയന്നൂർ താലൂക്കിൽ വയ്പിൻ കരയിൽ പലഭാഗങ്ങളിലും ബോട്ട് പാലങ്ങൾ ഇല്ലാത്തതു നിമിത്തം എറണാകുളം കോട്ടപ്പുറം ലൈനിൽ ഓടുന്ന ബോട്ടുകളിൽനിന്നും വയ്പിൻ കരയിൽ ഇറങ്ങുന്ന യാത്രക്കാർ വളരെ വിഷമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്യാവശ്യം വേണ്ട പാലങ്ങൾ പണിയുന്നതിനെ സംബന്ധിച്ച് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ചില ജട്ടികൾ പണിയുന്നതിനും ചില ജട്ടികൾ പണിയേണ്ട സൗകര്യങ്ങളെപ്പറ്റിയും ഗവൺമെന്റ് ആലോചിച്ചുവരുന്നു.

Questions posted for answer on 7th March 1951

റയൺസ് കമ്പനി

൯൨ (൫) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിലും വിദ്യാഭ്യാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരുമ്പാവൂരിനടുത്തുള്ള റയൺസ് കമ്പനിയിൽ ആറു രൂപയിൽ കൂടുതൽ ശമ്പളമുള്ള എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട്,

(ബി) അതിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ളവർ എത്ര;

(സി) ഈ സംസ്ഥാനത്തിനു പുറത്തുള്ളവർ എത്ര ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪൬

(ബി) ൧൬.

(സി) ൩൦.

സസ്പെൻഷൻ

൯൩ (൬) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly